പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3357** **12. 12. 2014-** ലെ മറുപടി

**തീവ്രവാദ ഭീഷണിയെ കേരളത്തിലേക്ക് തിരിച്ചു വന്ന നഴ്സുമാരുടെ വിദ്യാഭ്യാസ വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| തീവ്രവാദ ഭീഷണിയെ കേരളത്തിലേക്ക് തിരിച്ചു വന്ന നഴ്സുമാരുടെവിദ്യാഭ്യാസ വായ്പയിൽ ഇളവുകൾ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇറാഖ് , ലിബിയ എന്നീ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര കലാപത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെയെത്തിയ മലയാളി നഴ്സുമാരുടെ പുനരധിവാസവും വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിതള്ളണമെന്നുള്ള ആവശ്യവും ബാങ്കുകളുടെ യോഗത്തിൽ(State Level Banker's Committee) ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലീഡ് ബാങ്കായ കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി(OTS) ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് ഈ വിഭാഗത്തിലുള്ളവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 4 ലക്ഷം രൂപ വരെ കാനറാ ബാങ്കിൽ നിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ എന്ന നിലയിൽ കാനറാ ബാങ്ക് മറ്റു ബാങ്കുകളോടും ഇത്തരത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് ആഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ